26186
8/12/14

# കേരള സർക്കാർ

**സംഗ്രഹം**

സാംസ്കാരിക കാര്യ വകുപ്പ് - കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ പെർമനന്റ് ലേബറായി ജോലി ചെയ്തു വരവെ മരണപ്പെട്ട ജെ.നടരാജന്റെ മകൻ ശ്രീ.എൻ.ബിനുവിന് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ നിലവിലുള്ള അല്ലെങ്കിൽ അടുത്ത് വരുന്ന ഡ്രൈവർ-കം-ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം നൽകുന്നതിന് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## സാംസ്കാരിക കാര്യ (എ) വകുപ്പ്

**സ.ഉ.(എം എസ്) നം.42/2017/സാം.കാ.വ തീയതി, തിരുവനന്തപുരം,04/12/2017.**

പരാമർശം:- കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 27.02.2017, 02.11.2017, 16.11.2017 എന്നീ തിയതികളിലെ 1864/ഇ 2/14/കെഎസ് എഫ് ഡി സി നമ്പർ കത്തുകൾ

**ഉത്തരവ്**

കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ പെർമനന്റ് ലേബറായി ജോലി ചെയ്തു വരവെ മരണപ്പെട്ട ജെ.നടരാജന്റെ മകൻ ശ്രീ.എൻ.ബിനു ആശ്രിത നിയമന വ്യവസ്ഥയിൽ ജോലി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ ലഭ്യമാക്കിയതായും ശ്രീ.എൻ.ബിനുവിന്റെ അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കണമെന്നും അടുത്ത് വരുന്ന ഡ്രൈവർ-കം-ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം നൽകാവുന്നതാണെന്നും പരാമർശ കത്തുകൾ പ്രകാരം കേരള സംസ്ഥാന ചലച്ചിത്ര കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ പെർമനന്റ് ലേബറായി ജോലി ചെയ്തു വരവെ 09.07.2013 ന് അന്തരിച്ച ജെ.നടരാജന്റെ സേവനം ക്രമവത്കരിച്ചു നൽകിയിട്ടില്ലെങ്കിലും, മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ ചട്ടങ്ങളിൽ ഇളവുവരുത്തി ആശ്രിത നിയമന പദ്ധതി പ്രകാരം ടിയാന്റെ മകനായ ശ്രീ.എൻ.ബിനുവിന് പൊതുമേഖല സ്ഥാപനങ്ങളിലെ ആശ്രിത നിയമനവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി നിലവിലുള്ള അല്ലെങ്കിൽ അടുത്ത് വരുന്ന ഡ്രൈവർ-കം-ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം നൽകുന്നതിന് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. നിയമനം സംബന്ധിച്ച ഉത്തരവ് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ പുറപ്പെടുവിക്കേണ്ടതാണ്. അപേക്ഷയിൽ

രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ തെറ്റാണെന്നു ബോധ്യപ്പെടുന്ന പക്ഷം മേൽ നിയമനം റദ്ദാക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**റാണി ജോർജ്ജ്**

**സെക്രട്ടറി**

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ചലച്ചിത്ര കോർപ്പറേഷൻ, തിരുവനന്തപുരം

ശ്രീ.എൻ.ബിനു, ബിനു ഭവൻ, പാലപ്പൂര്, വെള്ളായണി-പി.ഒ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ഇൻഫർമേഷൻ ആഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്

പ്ലാനിംഗ് & ഇക്കോണോമിക്ക് അഫേയ്സ് (ബി പി ഇ) വകുപ്പ്

(14.08.2017 ലെ PLGEA-121/BPE2/2017-PLGEA പ്രകാരം)

GA(SC) വകുപ്പ് (29.11.2017 ലെ ഇനം നമ്പർ 1684 പ്രകാരം)

ഇൻഫർമേഷൻ ഓഫീസർ,വെബ്&ന്യൂ മീഡിയ ഡിവിഷൻ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 29-11-2017**

72.

ഫയൽ നം.172/എ3/2016/സാം.കാ.വ. ഇനം നം: 1684

വിഷയം : സാംസ്കാരിക കാര്യ വകുപ്പ് - കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ ആശ്രിത നിയമനത്തിനായി ശ്രീ. എൻ. ബിനു സമർപ്പിച്ച അപേക്ഷ.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. കെ.എം. എബ്രഹാം
ചീഫ് സെക്രട്ടറി

സെക്രട്ടറി, സാംസ്കാരിക കാര്യ വകുപ്പ്.

73. മുൻ വഡിശയിലെ ഉത്തരവ് പ്രകാരം കരട് സ.ഉ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

ഗീത കെ.
അഡീഷണൽ സെക്രട്ടറി
സാംസ്കാരികകാര്യ വകുപ്പ്
ഗവ. സെക്രട്ടറിയേറ്റ്

റാണി ജോർജ്ജ് ഐ.എ.എസ്
ഗവൺമെന്റ് സെക്രട്ടറി
സാംസ്കാരിക കാര്യ വകുപ്പ്

# കേരള സർക്കാർ
## (ശ്രീ പിണറായി വിജയൻ മന്ത്രിസഭ)
## (മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്)

| | | |
|---|---|---|
| 1) | ഫയൽ നമ്പർ | 172/എ 3/2016/സാം.കാ.വ. |
| 2) | വകുപ്പ് | സാംസ്കാരിക കാര്യ (എ) വകുപ്പ് |
| 3) | വിഷയം | കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ ആശ്രിത നിയമനത്തിനായി ശ്രീ.എൻ.ബിനു സമർപ്പിച്ച അപേക്ഷ സംബന്ധിച്ച് |
| 4) | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി , | 26/09/17 |
| | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ, സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ | ഉണ്ട് |
| | (ii) ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 6) | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് |
| 7) | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി.ഗീത.കെ |
| 8) | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ശ്രീമതി.റാണി ജോർജ്ജ് |
| 9) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 20/11/2017 |
| 10) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.കെ.എം.എബ്രഹാം |
| 11) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 22/11/2017 |
| 12) | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. എ.കെ.ബാലൻ |
| 13) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 24/11/17 |
| 14) | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 28/11/17 |
| 15) | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16) | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കേരള ചലച്ചിത്ര വികസന കോർപ്പറേഷനിൽ പെർമനന്റ് ലേബറായി ജോലി ചെയ്ത വരവെ മരണപ്പെട്ട ജെ.നടരാജന്റെ മകൻ ശ്രീ.എൻ.ബിനു ആശ്രിത നിയമനത്തിനായി ലഭ്യമാക്കിയ അപേക്ഷ സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ 01.01.1986 മുതൽ 09.07.2013 വരെ പെർമനന്റ് ലേബറായി ജോലി നോക്കിയിരുന്ന ജെ.നടരാജൻ ഉൾപ്പടെ 106 ജീവനക്കാരെ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ഡയറക്ടർ ബോർഡ് അവർ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ സർക്കാരിന്റെ അനുമതിയ്ക്ക് വിധേയമായി സ്ഥിരപ്പെടുത്തിയിരുന്നു. കെ.എസ്.എഫ്.ഡി.സിയിൽ 10 വർഷം പൂർത്തിയാക്കിയ 80 ജീവനക്കാരെ 30.09.2015 ലെ സ.ഉ.(എം.എസ്) നം.29/2015/സാം.കാ.വ., 12.11.2015-ലെ സ.ഉ(എം.എസ്) നം.38/2015/ സാം.കാ.വ എന്നിവ പ്രകാരം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി സർക്കാർ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിലേയ്ക്കായുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാക്കിയപ്പോൾ ജെ.നടരാജൻ മരണപ്പെട്ടതിനാൽ ടിയാന്റെ പേര് കെ.എസ്.എഫ്.ഡി.സിയിൽ സ്ഥിരപ്പെടുത്തുന്നവരുടെ പട്ടികയിൽ നിന്നും ഒഴിവാക്കിയിരുന്നു. എന്നാൽ കെ.എസ്.എഫ്.ഡി.സിയിൽ മുൻപും റഗുലറൈസ് ചെയ്യാത്ത ജീവനക്കാരുടെ ആശ്രിതർക്ക് നിയമനം നൽകി സർക്കാർ ഉത്തരവ് നൽകിയ കീഴ്വഴക്കം ഉള്ളതായി എം.ഡി, കെ.എസ്.എഫ്.ഡി.സി അറിയിച്ചിട്ടുണ്ട്. ശ്രീ.എൻ.ബിനു ഡ്രൈവർ ഗ്രേഡ് II, പ്യൂൺ, ഗേറ്റ് കീപ്പർ എന്നിവയിലേതെങ്കിലുമൊരു തസ്തികയിൽ നിയമിക്കപ്പെടുവാൻ താത്പര്യം അറിയിച്ചിട്ടുണ്ട്. ശ്രീ.എൻ.ബിനുവിന്റെ അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കണമെന്നും അടുത്ത് വരുന്ന ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം നൽകാവുന്നതാണെന്നും എം.ഡി. കെ എസ് എഫ് ഡി സി അറിയിച്ചിട്ടുണ്ട്.

3) ഫയൽ അഭിപ്രായത്തിനായി പ്ലാനിംഗ് വകുപ്പിലേയ്ക്ക് അയച്ചപ്പോൾ പ്രസ്തുത വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"07.06.2007 ലെ ജി.ഒ(പി) നം.32/07/പ്ലാനിംഗ് നമ്പർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി, റെഗുലറൈസ് ചെയ്യാത്ത തൊഴിലാളിയുടെ ആശ്രിതന് നിയമനം നൽകണമെന്ന ഭരണ വകുപ്പിന്റെ ആവശ്യത്തോട് ഈ വകുപ്പിന് യോജിക്കാൻ കഴിയില്ലെന്നും ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം മന്ത്രിസഭയുടെ അംഗീകാരത്തോട് കൂടി ഭരണ വകുപ്പിന് കൈക്കൊള്ളാവുന്നതാണെന്നും അറിയിക്കുന്നു."

4) ശ്രീ.എൻ.ബിനു ആശ്രിത നിയമനത്തിനായി ലഭ്യമാക്കിയ അപേക്ഷ സംബന്ധിച്ച വിഷയം മന്ത്രിസഭായോഗത്തിൽ സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ പെർമനന്റ് ലേബറായി ജോലി നോക്കി വരവെ 09/07/2013-ൽ അന്തരിച്ച ജെ.നടരാജന്റെ സേവനം ക്രമവത്കരിച്ച് നൽകിയിട്ടില്ലെങ്കിലും, മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ. ചട്ടങ്ങളിൽ ഇളവുവരുത്തി ആശ്രിത നിയമന പദ്ധതി പ്രകാരം ടിയാന്റെ മകനായ ശ്രീ.എൻ.ബിനുവിന് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ പൊതുമേഖല സ്ഥാപനങ്ങളിലെ ആശ്രിത നിയമനവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി നിലവിലുള്ള അല്ലെങ്കിൽ അടുത്ത് വരുന്ന ഡ്രൈവർ-കം-ഓഫീസ് അറ്റൻഡന്റ് എന്ന തസ്തികയിൽ നിയമനം നൽകാവുന്നതാണോ?